**<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u>**

## 1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണന

<u>മി. സ്പീക്കർ</u>: ശ്രീ. എ. എം. ആരിഫ്, അങ്ങേയ്ക്ക് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**<u>പ്രമേയങ്ങൾ</u>**

<u>മി. സ്പീക്കർ</u>: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയ ശ്രീ. മുല്ലക്കര രത്നാകരന് പ്രമേയം അവതരിപ്പിച്ച്

സംസാരിക്കാവുന്നതാണ്.

## വരൾച്ച നേരിടുന്നതിന് കേരളത്തിൽ പ്രത്യേക പാക്കേജ്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, " മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവുമൂലം കാർഷികോല്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാദ്ധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഒരു പ്രതിസന്ധിക്ക് മുമ്പിലാണ് കേരളം നിൽക്കുന്നത്. കഴിഞ്ഞ വർഷത്തെ പ്രതിസന്ധി കൂടുതൽ രൂക്ഷമായി. ഒരുപക്ഷേ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിലെ ഏറ്റവും വലിയ മഴക്കുറവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. സാധാരണ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കേരളത്തിൽ വേനൽ മഴ കിട്ടാറുണ്ട്. അതൊരു വലിയ

ആശ്വാസമാണ്. എന്നാൽ ഈ വർഷം ആ മഴയിലും 18 ശതമാനം കുറവുണ്ടായി. ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 30 വരെയാണ് കാലവർഷ മഴ. അതാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ജലം കിട്ടുന്ന മഴ. പരക്കെ കിട്ടുന്ന മഴയും അതാണ്. 2039.7 മില്ലീമീറ്റർ മഴയാണ് പ്രതീക്ഷിച്ചത്. നമുക്ക് ലഭിച്ചത് 1352.3 മില്ലീമീറ്റർ മഴയാണ്. ഇത് പരിഹരിക്കാവുന്ന തരത്തിലുള്ള മുന്നൊരുക്കങ്ങൾ നടത്താവുന്നതാണ്. മൊത്തത്തിൽ പരിഹരിക്കാനൊന്നും കഴിയുകയില്ല. ഒരു സംസ്ഥാന ഗവൺമെന്റിന് വേണമെങ്കിൽ ഒരുപാട് തരത്തിലുള്ള മുന്നൊരുക്കങ്ങൾ നടത്താം. ഈ കിട്ടുന്ന മഴവെള്ളം എത്രത്തോളം ശേഖരിക്കാൻ കഴിയുമെന്നും അതിന് കുളങ്ങളെയും മറ്റ് ജലസംഭരണ സംവിധാനങ്ങളെയും എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നും നമുക്കുണ്ടായിരുന്ന വയലുകൾ എത്രത്തോളം വീണ്ടെടുക്കാൻ കഴിയുമെന്നും അതെല്ലാം ജലം ശേഖരിച്ചുവയ്ക്കാവുന്ന ഭൂമിയുടെ പാത്രങ്ങളായി എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നും നദികളെ അതിന്റെ സ്വാഭാവിക വിശുദ്ധിയോടെ എങ്ങനെ വീണ്ടെടുക്കാൻ കഴിയുമെന്നുമാണ്. സത്യത്തിൽ കുറച്ച് കാലമായി ഈ ജലത്തിന്റെ കാര്യത്തിലുള്ള സമ്പന്നതകൊണ്ട് ജലത്തിന്റെ വിലയറിയാതെപോയ ഒരു സംസ്ഥാനമാണ് കേരളം.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ഞങ്ങളുടെ മണ്ഡലത്തിൽ കൂടി പോകുന്ന നദിയാണ്

അച്ചൻ കോവിലാർ. കഴിഞ്ഞ ദിവസം വന്ന ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ അച്ചൻ കോവിലാർ ഇനി 19 വർഷം കൂടിയേ ഉണ്ടാകൂ എന്നാണ് പറയുന്നത്. കേരളത്തിലെ നദികളെല്ലാം മരിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞുവന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നമ്മൾ നന്നായി ശ്രദ്ധിച്ചില്ലെങ്കിൽ പത്തിരുപത് വർഷങ്ങൾക്കകം കേരളത്തിലെ 44 നദികളിൽ പല നദികളും മരിച്ചുപോകും. നിരവധി നദികൾ ശുദ്ധജലമില്ലാതെ അങ്ങുമിങ്ങും വെള്ളം കെട്ടിക്കിടക്കുന്ന മലിനജലം വഹിക്കുന്ന ഇടങ്ങളായി തീരും. കേരളത്തിലെ കാർഷികമേഖല മുഴുവൻ തകർന്നു തരിപ്പണമായിപ്പോകും. നമ്മൾ ജീവിതത്തിൽ സൃഷ്ടിച്ചുവച്ച എല്ലാ ക്വാളിറ്റിയും നഷ്ടപ്പെടും. കേരള ജീവിതത്തിന് യൂറോപ്പിനോളം ക്വാളിറ്റിയുണ്ടെന്ന് പറയുന്നതും രണ്ടുനേരം കുളിക്കുന്നതും വെള്ളം കിട്ടുന്നതുകൊണ്ടാണ്. ആ ജീവിത്തിന്റെ ക്വാളിറ്റി മുഴുവൻ നഷ്ടമാകും. നമ്മൾ ഉണ്ടാക്കിയ സാംസ്കാരികമായ ഉയർച്ച മുഴുവൻ തകർന്നുവീഴും. ഇതിനെയെല്ലാം പൊതുവെ ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഭൂവിനിയോഗവും ജലസംരക്ഷണവും ഈ വർഷമുണ്ടാകുന്ന കാർഷിക തകർച്ചയും മറ്റുകാര്യങ്ങളെക്കുറിച്ചെല്ലാം ശ്രദ്ധിച്ചുപഠിക്കണം. മഴ കുറച്ചു ലഭിച്ചാൽ കാർഷികവൃത്തിയിൽ ചിലപ്പോൾ പുതിയ വിത്തുകൾ വേണ്ടിവരും; കാലാവസ്ഥയെ പ്രതിരോധിക്കാൻ കഴിയുന്ന

കൃഷിരീതികൾ വേണ്ടി വരും; കുറച്ച് വെള്ളം കൊണ്ടുമാത്രം വളരുന്ന ചെടികൾ വേണ്ടിവരും; അതിൽനിന്നുള്ള ഫലങ്ങൾ ഉപയോഗിച്ച് മാത്രം ജീവിക്കുന്ന ഒരു സാംസ്കാരിക ജീവിതമേഖലയെ സൃഷ്ടിക്കേണ്ടി വരും; ഞാൻ കണക്കുകൾ അധികം പറഞ്ഞുപോകുന്നില്ല. ഇതിനെല്ലാം കേന്ദ്രസർക്കാരിന്റെ സഹായമില്ലാതെ നമ്മളെക്കൊണ്ട് മാത്രം പറ്റുകയില്ല. നമുക്ക് മാത്രം നേരിടാനൊക്കാത്ത ഒരു ദുരന്തമാണ് ഈ വർഷം കേരളത്തിലുണ്ടായതെന്ന് കേന്ദ്ര ഗവൺമെന്റ് മനസ്സിലാക്കണം. അത് മനസ്സിലാക്കി ആ ദുരന്തം നേരിടുന്നതിന് കാർഷികമേഖലയ്ക്ക് നഷ്ടപരിഹാരം വേണം, നഷ്ടപ്പെടുന്ന ജീവിതമേഖലയ്ക്ക് കൃത്യമായ ശാസ്ത്രീയ പരിഹാരം വേണം. കേരളത്തിലാണ് മൺസൂൺ ആദ്യം വരുന്നത്. മൺസൂണിന്റെ എൻട്രി പോയിന്റാണ് കേരളം. ഇവിടെ ഇതെല്ലാം നടപ്പിലാക്കാനും പ്രവചനം കൃത്യമായി നടത്താനും സാധിക്കണം. ഇൻഡ്യയിൽ മൺസൂൺ വ്യാപിപ്പിക്കുന്ന വഴി കേരളത്തിലൂടെയാണ് കടന്നുപോകുന്നത്. നമുക്ക് അതിന്റെ എല്ലാ ടെക്നോളജിയുമനുസരിച്ച് പ്രവചനം നടത്താവുന്ന ലോകനിലവാരത്തിലുള്ള ഒരു കാലാവസ്ഥാ നിരീക്ഷണ പ്രവചനകേന്ദ്രം വേണം. അതിനൊപ്പം ഈ വെല്ലുവിളിയെ അതിജീവിക്കാൻ സാധിക്കണം. വെള്ളം വെളിച്ചമാണെന്ന് ഈ വർഷം നമ്മൾ മനസ്സിലാക്കുകയാണ്. കാരണം വെള്ളത്തിൽ

നിന്നാണ് വൈദ്യുതിയുടെ മുഖ്യപങ്കും ഉണ്ടാകുന്നത്. വെള്ളം ജീവിതമാണെന്ന് കേരളം തിരിച്ചറിയുകയാണ്. വെള്ളം കൃഷിയാണെന്നും ജലം സംസ്കാരമാണെന്നും അതിന്റെ സാക്ഷരതയില്ലാതെ പോയാൽ ഒന്നും ഉണ്ടാകുകയില്ലെന്നും കേരളം തിരിച്ചറിയുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു പദ്ധതി കേരളം സൃഷ്ടിക്കുകയും ആ പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകുകയും വേണം. കേരളത്തെ ദുരന്തമേഖലയായി പ്രഖ്യാപിച്ച് ഒരു പാക്കേജ് അനുവദിക്കുമ്പോഴാണ് കേരളത്തിൽ കടമെടുത്തവർക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും നഷ്ടം വന്നവർക്കെല്ലാം സഹായം കൊടുക്കാനും കഴിയുന്നത്. കുടിവെള്ള പദ്ധതിക്ക്, കേരളത്തിൽ സഹസ്ര സരോവർ പോലുള്ള പദ്ധതികളുണ്ട്. അതുകൊണ്ടുമാത്രം ഈ വർഷത്തെ വരൾച്ചയെയും കേരളത്തിന്റെ ഭാവികാല ജലസംരക്ഷണ സംവിധാനത്തെയും നമുക്ക് ശാസ്ത്രീയമായും വിജയകരമായും നേരിടാൻ സാധിക്കുകയില്ല. അതുകൊണ്ട് നമ്മുടെ പ്രധാനപ്പെട്ട വകുപ്പുകളെല്ലാം കൂടി ചേർന്ന്, വൈദ്യുതി ഉല്പാദനത്തിന് ജലം കിട്ടുന്നത് കുറഞ്ഞാൽ വൈദ്യുതി വകുപ്പിന് നടഷ്ടപരിഹാരം ആവശ്യപ്പെടാം. ആവശ്യമായ തരത്തിൽ കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി കിട്ടണമെങ്കിൽ വലിയ വില കൊടുക്കണം. കാർഷികമേഖല തകർന്നുപോയാൽ അരി സംവിധാനം മാത്രമല്ല, നമ്മൾ 6 ലക്ഷം ടൺ അരി മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ എങ്കിലും കേന്ദ്രത്തിന്റെ ഭക്ഷ്യ

സുരക്ഷാപദ്ധതിയിൽ അതിപ്പോൾ 'ഭക്ഷ്യ ഭദ്രതാ' പദ്ധതിയാണ്, അതിൽനിന്ന് കേരളത്തിന് കൂടുതൽ സഹായം കിട്ടണം, വില കുറച്ച് കിട്ടണം. കേരളത്തിന് മറ്റ് കാര്യങ്ങളിൽ, മറ്റു കാര്യങ്ങൾ എന്നുപറയുമ്പോൾ നമുക്ക് അസാധാരണമായ രോഗങ്ങൾ വരാം. അപ്പോൾ പ്രതിരോധത്തിനും ആരോഗ്യത്തിനും കേരളത്തിന്റെ മൊത്തം ജീവിതത്തിനും നമുക്ക് ആവശ്യമായതരത്തിലുള്ള അംഗീകാരവും സഹായവും അതിനുവേണ്ട പഠനവും വേണം. ഇതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് കൃത്യമായി പറയാൻ പറ്റുകയില്ല. വയനാട്ടിൽ മണ്ണിര നശിച്ചുവെന്ന് പറയുന്നത് ഒരു അപായസൂചനയാണ്. വയനാട്ടിലാണ് ഏറ്റവും കുറഞ്ഞ മഴ ലഭിച്ചത്. അവിടെ 59 ശതമാനം മഴയാണ് കുറഞ്ഞത്. അക്ഷരാർത്ഥത്തിൽ, വയനാട്ടിലെ കാർഷികമേഖലയേയും ജീവിതമേഖലയേയും രക്ഷിക്കാൻ കേരളത്തിനുമാത്രം കഴിയാത്തതാണ്. വയനാടിനെ രക്ഷിക്കാനുള്ള ഒരു പാക്കേജ് കേന്ദ്രസർക്കാർ തന്നില്ലെങ്കിൽ വയനാടിന്റെ ജീവിതം വല്ലാത്ത പ്രതിസന്ധിയിലാകും; കണ്ണുനീരിലാണ്ടുപോകും. ഇടുക്കിയിലെയും പ്രശ്നമിതാണ്. ഇപ്പോൾ വയനാട് കഴിഞ്ഞാൽ മഴ ഏറ്റവും കുറച്ച് ലഭിക്കുന്ന ജില്ല തൃശ്ശൂരാണ്. തൃശ്ശൂരാണെങ്കിൽ ജലസമ്പന്നമായ ഒരു ജില്ലയാണ്. ആ ജില്ലയിൽപ്പോലും കൃഷിയെയും ജീവിതത്തെയുമെല്ലാം ദോഷമായി ബാധിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ

മഴ കിട്ടിയെന്ന് പറയുന്ന ആലപ്പുഴ ജില്ലയിൽ പോലും കഴിഞ്ഞ വർഷത്തേക്കാൾ മഴ 25 ശതമാനം കുറവാണ്. നമ്മുടെ നദികളെല്ലാം മിക്കവാറും വറ്റിവരണ്ടുപോയാൽ, ഇപ്പോഴത്തെ കണക്കനുസരിച്ചാണ് പമ്പയിൽ ജലം കുറയുന്നതെങ്കിൽ വൃശ്ചികമാസത്തിലും മകരമാസത്തിലുമുള്ള ശബരിമല തീർത്ഥാടനംപോലും പ്രതിസന്ധിയിലാകും. ഇതൊരു അസാധരണമായ പ്രതിസന്ധിയാണ്. ആ തരത്തിൽ തന്നെ കേന്ദ്രം  സഹായിച്ച് ഇതിന്റെ ഒരു പരിരക്ഷ പാക്കേജ് ഉണ്ടാക്കണം. ആ പരിരക്ഷ പാക്കേജിൽ സമഗ്രമായ എല്ലാം ഉണ്ടാകണം. കിണറുകൾ മിക്കവാറും എല്ലാം വറ്റിപ്പോകുകയാണ്. ഇതുവരെയുള്ള പഠനം അനുസരിച്ച് കേരളത്തിലെ ഭൂഗർഭജലനിരപ്പ് താഴ്ന്നുപോയി. സാധാരണ കാലവർഷം കഴിയുമ്പോൾ ഭൂഗർഭജലനിരപ്പ് ഉയരുന്നതാണ്. ഞാൻ ഓരോ ജില്ലയിലെയും കണക്ക് പറയുന്നില്ല. അങ്ങനെയാണെങ്കിൽ കിണറുകളിൽ വെള്ളമില്ലാതെ വന്നാൽ, പൈപ്പ് മുഴവൻ തകരാറിലായാൽ, വിദ്യാഭ്യാസമേഖലയിൽ വരും വർഷത്തെ എസ്.എസ്.എൽ.സി./ ഹയർസെക്കണ്ടറി പരീക്ഷകൾ നടത്താൻ പ്രയാസമായിരിക്കും. നമ്മൾ ഇത്തരമൊരു സാഹചര്യം നേരിടുമ്പോൾ കേന്ദ്രസർക്കാർ ഒരു പ്രത്യേക പാക്കേജ് അനുവദിച്ച് കേരളത്തിന്റെ ഈ പ്രതിസന്ധി നേരിടുന്നതിന് സഹായിക്കണം.  കേരളത്തിലെ വൈദ്യുതി, കൃഷി,

സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളും ചേർന്ന് ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിലേക്ക് ആ പാക്കേജിനുവേണ്ടിയുള്ള ഒരു പ്രോജക്ട് സമർപ്പിക്കണം. അങ്ങനെ കേന്ദ്രസർക്കാർ ആ പാക്കേജ് അനുവദിച്ചുതരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് " എന്നീ വാക്കുകൾക്കു പകരം "പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും ഇതിനായി ഡൽഹിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടുവാൻ നടപടി സ്വീകരിക്കണമെന്നും"എന്ന് ചേർക്കുക.

ഈ കാലഘട്ടത്തിൽ ഏറ്റവും സുപ്രധാനമായ പ്രമേയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആ കാര്യത്തിൽ യാതൊരു സംശയവും ഇല്ല; ഞാൻ അതിനോട് നൂറുശതമാനവും യോജിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം, സ്രോതസ്സുകൾ വറ്റിവരളുന്നത്, കുളങ്ങൾ, കിണറുകൾ എന്നിവ മലിനമാകുന്നത്, മഴവെള്ള സംഭരണിയുടെ അഭാവം, ഭൂഗർഭജലം വഴിമാറി പോകുന്നത്, അനിയന്ത്രിതമായ കുഴൽകിണർ നിർമ്മാണം ഇതെല്ലാമാണ് നമ്മുടെ

സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. ഈ വസ്തുതകളാണ് മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ വരൾച്ചയിലേക്ക് നയിക്കുന്നത്. കാലാവസ്ഥാവ്യതിയാനം നമ്മുടെ കൈകളിൽ നിൽക്കുന്നതല്ലെങ്കിലും തുടർച്ചയായുള്ള നമ്മുടെ ചില പ്രവർത്തനങ്ങൾ അതിലേക്ക് സംഭാവന ചെയ്യുന്നുണ്ട്. സ്രോതസ്സുകൾ വറ്റിവരളുന്നുവെന്നുള്ളത് ഏറ്റവും ഗൗരവതരമായി കാണേണ്ടതാണ്. ദാഹജലത്തിനുവേണ്ടി വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുന്നു എന്നത് പൊതുപ്രവർത്തകരായ നമ്മുടെ പൊതുവേദിയിലെ പ്രസംഗത്തിലെ ഒരു ഉദാഹരണമാണെങ്കിൽ ഇന്ന് കേരളം അങ്ങനെ കാത്തിരിക്കേണ്ട ഒരു കാലഘട്ടത്തിലേക്ക് സാവധാനം നടന്നു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള ഏറ്റവും നല്ല നിർദ്ദേശമായിരുന്നു ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിലെ മുഖ്യധാര രാഷ്ട്രീയ പാർട്ടികളെല്ലാം ഒറ്റക്കെട്ടായി നിന്ന് അതിനെ ചെറുത്ത് പരാജയപ്പെടുത്തുകയാണുണ്ടായത്. ഒരു ചർച്ച പോലും നടത്താൻ സമ്മതിച്ചില്ല. ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയെന്നല്ല, മുഖ്യധാര രാഷ്ട്രീയപാർട്ടി എന്നുപറയുമ്പോൾ അതിൽ എല്ലാവരുമുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അങ്ങയുടെ പാർട്ടിയുടെ സമയമുപയോഗിച്ച് സംസാരിക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ അഭിപ്രായമാണോ പറയുന്നത്?

ശ്രീ. പി. ടി. തോമസ്: കോൺഗ്രസ് പാർട്ടിയുടെ ഏറ്റവും വലിയൊരു പ്രത്യേകത കോൺഗ്രസ് പാർട്ടിയിൽ നിൽക്കുമ്പോൾത്തന്നെ വ്യക്തിപരമായ അഭിപ്രായങ്ങൾക്കൊരു പ്രാധാന്യമുണ്ട്. പണ്ടൊക്കെ സി.പി.ഐ (എം)-ലൊക്കെ xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx xxxxxxxxxxxxxxxxxxxxxxxxxxx+ ആ പരിപാടിയൊന്നും ഞങ്ങളുടെ പാർട്ടിയിൽ ഇല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോയിന്റ് ഓഫ് ഓർഡർ... സത്യവിരുദ്ധമായ കാര്യം സഭയിൽ പറയുകയാണ്. സി.പി.ഐ (എം) ഒരു പാർട്ടിയെന്ന നിലയിൽ xxxxxxxxxxxxxxxxxxxxxxxxxxxxxx+ ചർച്ച ചെയ്ത് തീരുമാനിക്കുന്നൊരു പതിവില്ല. അത് അവാസ്തവമാണ്. അവാസ്തവമായി പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യരായ xxxxxxxxxxxxxxxxxx+

ശ്രീ. സി. എഫ്. തോമസ്: സർ, ഇങ്ങനെയൊരു പ്രധാനപ്പെട്ടൊരു വിഷയം

+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ഇവിടെ അവതരിപ്പിക്കുമ്പോൾ കേരളത്തിലെ ജനങ്ങളുടെ ഒരു ചിന്തയുണ്ട്. ഗാഡ്ഗിൽ, കസ്തൂരിരംഗൻ, പരിസ്ഥിതി ലോല പ്രദേശങ്ങൾ, ജനപാർപ്പിട കേന്ദ്രങ്ങൾ കൃഷിയിടങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഈ സഭ ചില വികാരങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ... അദ്ദേഹത്തിന്റെ പരാമർശം അവാസ്തവമാണ്. XXXXXXXXXXXXXXXXXXXXXXXXXXXXXXXXX + പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം. ജനാധിപത്യ പ്രസ്ഥാനമാണിത്.

മി. സ്പീക്കർ: അത് രേഖയിൽ ഉണ്ടാകില്ല.

ശ്രീ. മാത്യു ടി. തോമസ്: വളരെ മോശപ്പെട്ട കാര്യമാണ്. സഭയിലെ ഒരംഗത്തിന്റെ പേര് പറഞ്ഞ് നടത്തിയ പരാമർശം രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് ശരിയല്ല.

ശ്രീ. പി. റ്റി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ XXXXXXXXXXXXXXXXXXXXXX+ പാർട്ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നേ പറഞ്ഞുള്ളൂ. XXXXXXXXXXXXXXXX+ അവർ നല്ല

---

+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

നിലയിൽ കഴിയുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. പി. ടി. തോമസും ശ്രീ. കെ. സുരേഷ് കുറുപ്പും ഏതാണ്ട് സമകാലികരായി വിദ്യാർത്ഥി പ്രസ്ഥാനത്തിലുണ്ടായിരുന്നവരാണ്. രണ്ടും രണ്ടു ഭാഗത്താണെന്ന് മാത്രം. XXXXXXXXXXXXXXXXXXXXXXXXXXXXXXXX+ അക്കാലത്തെ ഏറ്റവും മനോഹരമായ ഒരു പ്രണയ സാഫല്യവും കൂടിയായിരുന്നു.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ തെറ്റായ ധാരണയായിരുന്നു. അത് നിങ്ങൾ തിരുത്തി. അത് അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട സി. എസ്. തോമസ് സഭയിലെ ഏറ്റവും മുതിർന്ന അംഗങ്ങളിൽ ഒരാളാണ്. അദ്ദേഹം കൃഷിക്കാരുടെ കാര്യം പറഞ്ഞു. ഗാഡ്ഗിൽ കമ്മിറ്റി കൃഷിക്കാർക്കെതിരാണെന്നത് തെറ്റിദ്ധാരണ മാത്രമാണ്. കൃഷിക്കാരെ സംരക്ഷിക്കാനുള്ള നിയമമാണ്. അത് വായിച്ചു നോക്കാൻപോലും തയ്യാറാകാതെ കാള പെറ്റുവെന്ന് കേട്ടപ്പോൾ കാള പ്രസവിക്കുമോയെന്നുപോലും നോക്കാതെ കാളയ്ക്ക് ഗർഭം ധരിക്കാനുള്ള ശക്തിയുണ്ടോയെന്ന് ശ്രദ്ധിക്കാതെയും കയർ എടുത്ത നടപടിയാണുണ്ടായത്. യഥാർത്ഥത്തിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്തെ പശ്ചിമഘട്ടം ഉൾപ്പെടുന്ന പ്രദേശങ്ങൾ സംരക്ഷിക്കുകയും

---

+ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

അതുവഴി ഭാവിയിൽ കേരളം നേരിടുന്ന ഇപ്പോഴത്തേതടക്കമുള്ള ഗുരുതരമായ വരൾച്ച തടയാൻ നമുക്ക് കഴിയുമായിരുന്നു. നമ്മൾ അത് ചെയ്തില്ല. വളരെ വ്യക്തമായി രണ്ടുമൂന്നു കാര്യങ്ങൾ പറയുന്നു. അങ്ങ് പുരോഗമന കലാ സംഘടന എന്നു പറയുന്ന സി.പി.ഐ. (എം)-ന്റെ സംഘടനയുൾപ്പെടെ അന്ന് എം. പി.യായിരുന്ന എനിക്കെതിര ജാഥ നടത്തി. വ്യക്തിപരമായി അല്ല, ഞാൻ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സപ്പോർട്ട് ചെയ്തുവെന്നതിന്റെ പേരിൽ ഒരു പത്തുശതമാനത്തോളം വരുന്ന നല്ലവരായ വൈദികരുടെ നേതൃത്വത്തിൽ എന്റെ ശവഘോഷ നടത്തി. ആകെ അതിലുണ്ടായൊരു നേട്ടം ജീവിച്ചിരിക്കെ മരണപ്പെട്ടാലെങ്ങനെയാണ് എന്ന് മനസ്സിലാക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചുവെന്നത് മാത്രമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്, അങ്ങ് വ്യത്യസ്ത അഭിപ്രായം പറഞ്ഞത് നല്ലതാണ്. പക്ഷെ പ്രസക്തമല്ലാത്ത കാര്യങ്ങൾ പറയരുത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വെള്ളം ചേർത്ത് കസ്തൂരിരംഗനെന്നും ഉമ്മൻ വി ഉമ്മനെന്നും അത് കഴിഞ്ഞ് ഇതൊന്നുപറ്റില്ല എന്നുമൊക്കെ പറഞ്ഞുനടക്കുന്ന രാഷ്ട്രീയപരമായ താൽക്കാലിക വോട്ട് ബാങ്കിനുവേണ്ടിയുള്ള ശ്രമം കേരളത്തെ ദുരന്തപൂർണ്ണമായ വരൾച്ചയിലേയ്ക്ക് നയിക്കുമെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്... കൺക്ലൂഡ്

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വരൾച്ച പരിഹരിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒന്നിച്ചാലോചിക്കണം. കാലാവസ്ഥാ വ്യതിയാനത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ മുൻകൂട്ടി കാണണം. സ്രോതസ്സുകൾ ശക്തിപ്പെടുത്തണം. കുളങ്ങളിലെയും കിണറുകളിലെയും മാലിന്യകരണം അവസാനിപ്പിക്കണം. ഭൂഗർഭ ജലം ശക്തിപ്പെടുത്തണം. അനിയന്ത്രിതമായ കുഴൽകിണർ കുഴിക്കുന്നതിന് നിയന്ത്രണം വേണം. വ്യാപകമായ തോതിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മഴവെള്ള സംഭരണി കർക്കശമായ ഒരു വ്യവസ്ഥയായി ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ നൂറുശതമാനം പിന്താങ്ങുകയാണ്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ദാഹിച്ച് വലഞ്ഞുവരുന്ന ഒരു മൃഗത്തിന് വെള്ളം കൊടുക്കുന്നതും ഒരു ചെടിയോ വൃക്ഷമോ നട്ട് വെള്ളമൊഴിച്ചുവളർത്തുന്നതും ഒരു പ്രാർത്ഥനയാണെന്ന് വിശ്വസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രാർത്ഥനയ്ക്ക് വരുംകാലങ്ങളിൽ നമുക്ക് സാധിക്കുമോ? ഇല്ലായെന്നുതന്നെയാണ് ഇപ്പോൾ കാലാവസ്ഥ നമ്മെ പഠിപ്പിക്കുന്നത്. കേരള വികസനത്തിന്റെ താക്കോൽപദം ഏതാണെന്നുചോദിച്ചാൽ ജലം എന്ന പദം നമുക്ക്

പറയാനാകും. കിണറും കുളവും തോടും പുഴയും കായലും കടലും അടങ്ങുന്ന ജലം, അതില്ലെങ്കിൽ കൃഷിയും ഭക്ഷണവും ജീവിതവും പുരോഗതിയുമില്ല. കേരളത്തിന്റെ ജലസമ്പത്ത് നമ്മുടെ കൺമുൻപിൽ നാശോന്മുഖമാകുമ്പോൾ അത് മനസ്സിലാക്കാതെ ചിലർ പറയുന്ന സുസ്ഥിര വികസനം അസ്ഥിരമായ ഭാവിയിലേയ്ക്കാകും നമ്മെ നയിക്കുക. കേരളത്തിന്റെ സുസ്ഥിര വികസനത്തിന് പശ്ചിമഘട്ട സംരക്ഷണം നിർണ്ണായകമാണ്. കേരളത്തിലെ 44 നദികളുടെയും ഉറവിടം അവിടെയാണെന്ന സത്യം മറന്നുകൊണ്ട് നമുക്ക് മുന്നോട്ടുപോകാനാവില്ല. കേരളം നേരിടുന്ന വലിയൊരു ഭീഷണിയാണ് ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ മുൻപെങ്ങും അനുഭവിക്കാനാവാത്ത വിധമുള്ള വരൾച്ചയും ചൂടും. കേരളത്തിൽ പെയ്യുന്ന മഴയുടെ അളവ് ഓരോ വർഷവും ശരാശരി 2.4 മി.ലിറ്ററോളം കുറഞ്ഞുവരുന്നതായി പഠനങ്ങൾ പറയുന്നു. 2020-ാമാണ്ട് ആകുമ്പോഴേക്ക് ശുദ്ധമായ കുടിവെള്ളം തുള്ളിപോലും കിട്ടാത്ത സ്ഥിതി വന്നേക്കാമെന്നാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി പഠനകേന്ദ്രവും പറയുന്നത്. ഭൂമിയുടെ 70 ശതമാനത്തോളവും ഉപ്പുരസമുള്ള സമുദ്രങ്ങളാണ്. ശുദ്ധജലം 2.5 ശതമാനം മാത്രമേയുള്ളൂ. മഞ്ഞുപാളികളാലും മറ്റും ഇത് സ്ഥിതി ചെയ്യുകയും ചെയ്യുന്നു. ഈ ജലം നമുക്ക് ലഭ്യവുമല്ല. കുടിക്കാൻ കിട്ടുന്ന ജലം ആകെ ഒരു ശതമാനം

മാത്രമേയുള്ളൂവെന്നത് പേടിപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. കേരളത്തിലെ മഴക്കുറവും കാലാവസ്ഥയിലെ മാറ്റവും പൊടുന്നനെ ഉണ്ടായതല്ല. ഇത് ഏറെ കാലത്തെ ഏറെ ഘടകങ്ങളുടെ ദീർഘകാല പ്രക്രിയയുടെ ഒരു ബഹിർപ്രകടനമാണ്. ഇത് അനുഭവവേദ്യമാകുമ്പോൾ പെട്ടെന്നാണെന്ന് തോന്നലുണ്ടാകുന്നുവെന്ന് മാത്രം. അന്തരീക്ഷത്തിലെ വിഷ വാതകങ്ങളായ കാർബൺഡൈയോക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നിവ വലിയ തോതിൽ വർദ്ധിച്ചതാണ് കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നുവെന്ന് ശാസ്ത്രലോകം പറയാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ ഇത് വേണ്ടത്ര നിയന്ത്രിച്ചില്ല. വനനശീകരണം പാടില്ലെന്ന് പറഞ്ഞുകൊണ്ടേയിരുന്നു. ഇതും നമ്മൾ നിയന്ത്രിച്ചില്ല. മഴവെള്ളത്തെ മണ്ണിൽ ഊർന്നിറങ്ങുന്നതിനുള്ള നടപടിയുണ്ടാക്കാൻ നീർത്തട പദ്ധതികൾ പ്രചരിപ്പിച്ചിട്ടും ജനം വേണ്ടത്ര ഉൾക്കൊണ്ടില്ല. തണ്ണീർത്തടം സംരക്ഷിക്കാൻ നമ്മൾ കൂട്ടാക്കിയില്ല. നെൽവയൽ നികത്തലും കുന്നിടിക്കലും പാരിസ്ഥിതിക ഘടനയെ തകിടം മറിക്കാൻ സഹായകമാക്കി. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ മാത്രം പ്രതിഭാസമല്ലെന്നും ലോകമാകെ ചർച്ച ചെയ്യപ്പെടുന്നുവെന്നും നമുക്കറിയാം. അതോർത്ത് നമുക്ക് ആശ്വസിക്കുകയും ചെയ്യാം. പക്ഷെ മലനിരകളിൽ സമതലങ്ങളിൽ തീരപ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളത്തെ

ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെ മണ്ണിലിറക്കാൻ നമുക്ക് കഴിയണം. കൃഷിവകുപ്പും സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെല്ലാം ഇതിനായി പുതിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്യണം. നീർത്താടാധിഷ്ഠിത വികസനമെന്ന ജനകീയാസൂത്രണത്തിലെ മുഖ്യ അജണ്ടക്ക് ജീവൻ നൽകണം. പശ്ചിമഘട്ടവികസന പദ്ധതി നടപ്പിലാക്കുവാനും നമുക്ക് കഴിയണം. നമ്മുടെ പരിസ്ഥിതി സംരക്ഷണബോധവും നടപടിയും ജൂൺ 5-ന്റെ ദിനാചരണത്തിൽ ഒതുക്കാതെ പാരിസ്ഥിതഘാതം സൃഷ്ടിക്കുന്ന പ്രശ്നങ്ങളിൽ കാര്യമായി ഇടപെടാൻ നമുക്ക് സാധിക്കണം. മഴ കുറയുമ്പോഴും കൃഷി ഉണങ്ങുമ്പോഴും കുടിവെള്ളത്തിനായി പഞ്ചായത്ത് ടാങ്കർ ലോറിക്കായി കാത്തിരിക്കുമ്പോൾ മാത്രം ഇക്കാര്യങ്ങളെയെല്ലാം നാം ഓർത്തതുകൊണ്ടായില്ല. മണ്ണും ജീലജലങ്ങളും കാലാവസ്ഥാ ഘടകങ്ങളും സമതുലിതമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രകൃതി ശാസ്ത്ര നിയമങ്ങളെ പരിരക്ഷിക്കണമെന്നറിയിച്ചുകൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായും ഞാൻ പിന്തുണക്കുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി പിൻതാങ്ങുകയാണ്. പ്രമേയാവതാരകൻ പറഞ്ഞത് വളരെ ശരിയാണ്. ഇപ്പോഴുള്ളത് അസാധാരണമായ സാഹചര്യമാണ്, അതിന് അസാധാരണമായ

നടപടികളും ആവശ്യമാണ്. വരൾച്ച എത്തിയിരിക്കുന്നു, ഇതിന് അടിയന്തര നടപടികളും ആവശ്യമാണ്, ഈ പ്രമേയത്തിൽ പറയുന്നതും അതാണ്. കേന്ദ്രഗവൺമെന്റ് പാക്കേജ് നമുക്ക് തരണം. നമ്മളെക്കൊണ്ടുമാത്രം താങ്ങാൻ സാധിക്കില്ല. പക്ഷേ നമ്മുടെ ഗവൺമെന്റിനും ഉത്തരവാദിത്തങ്ങളുണ്ട്. സ്ഥിതിഗതികൾ ശരിയായി വിലയിരുത്തി സഹായത്തിനായി നല്ലൊരു പാക്കേജ് കേന്ദ്രഗവൺമെന്റിന് കൊടുക്കണം. കേന്ദ്രം ഭരിക്കുന്ന കക്ഷികൾ കേരളത്തെ ഒരിക്കലും ഒരുകാര്യത്തിലും വേണ്ടരീതിയിൽ പരിഗണിച്ചിട്ടില്ല. ഈ തവണ യഥാസമയത്ത് കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ഇന്ന് രാവിലെ 10 മണിക്ക് വരൾച്ചയെ നേരിടാനുള്ള നടപടികളെക്കുറിച്ച് കമ്മിറ്റി കൂടുകയാണെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞ 13-ാം തീയതിയിലും കമ്മിറ്റി ചേർന്ന് തീരുമാനങ്ങളെടുത്തുവെന്ന് നേരത്തെ പറഞ്ഞു. പതിമൂന്നാം തീയതി കഴിഞ്ഞ് ഇന്ന് 16 ദിവസങ്ങൾ കഴിഞ്ഞു. എന്നാൽ വരൾച്ചയെ നേരിടാൻ ഒരു നടപടിയും നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചിട്ടില്ല. തീരുമാനം മാത്രം പോരെ. ആളുകൾ കുടിവെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടുകയാണ്. നടപടികളൊന്നുമില്ല. അതിന് ആവശ്യമായ പണം മാറ്റിവയ്ക്കണം. യുദ്ധകാലാസ്ഥാനത്തിലുള്ള നടപടികളാണ് ഇപ്പോൾ ആവശ്യം. ഇതിനായി സെക്രട്ടേറിയറ്റിൽ പുതിയ സംവിധാനം

ഏർപ്പെടുത്തണം. ജില്ലാ കളക്ടേറ്റുകൾ നടപടിയെടുക്കണം. ജലവിഭവ വകുപ്പുമന്ത്രി പ്രത്യേകമായ ഉത്തരവാദിത്തം ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട്, അതിശക്തമായി മുന്നോട്ടുകൊണ്ടുപോകണം. അടിയന്തരമായി നടപടികളിലേയ്ക്ക് നീങ്ങിയില്ലെങ്കിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തെ നേരിടേണ്ടിവരും. ഇന്നത്തെ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പെട്ടെന്ന് നടപ്പിലാക്കാനായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, വളരെ പ്രസക്തമായ പ്രമേയമാണിത്. ഞാൻ ഈ പ്രമേയത്തെ സർവ്വാത്മനാ പിൻതുണയ്ക്കുകയാണ്. ഇന്നത്തെ സ്ഥിതിവിശേഷം വളരെ ഗുരുതരമാണ്. $32^1/_2$ ശതമാനം മഴയുടെ കുറവ് ഉണ്ടായിട്ടുണ്ട്. തുലാവർഷവും നമ്മളെ കനിയുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്തായിക്കൊണ്ടിരിക്കുകയാണ്. ജലാശയങ്ങളെല്ലാം വറ്റി വരണ്ടിരിക്കുകയാണ്. ഇത് കൊടിയ വരൾച്ചയും വൈദ്യുതി പ്രതിസന്ധിയും കൃഷിനാശങ്ങളുമുണ്ടാക്കാം. വയനാട്ടിൽ മണ്ണിരകൾ ചത്തുയരുന്നതിന്റെ ദുഃസൂചനകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പറഞ്ഞകാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ള പ്രധാനപ്പെട്ട ഒരു നിർദ്ദേശം, ഈ കാലഘട്ടത്തിൽ കിട്ടാനുള്ള വെള്ളം വാങ്ങിയെടുക്കുന്ന കാര്യത്തിൽ നമ്മൾ അമാന്തം കാണിക്കുന്നുണ്ട്. കാവേരി

ട്രിബ്യൂണലിന്റെ വിധിയുണ്ട്, 4.67 TMC ജലം നമുക്കെടുക്കാനുള്ള ഒരു പദ്ധതിയാണ് എന്റെ നിയോജകമണ്ഡലത്തിലെ ചിറ്റൂരിൽ ഒരു ഡാം പണിതെടുക്കുക എന്നുള്ളത്. അതിനുള്ള പരിസ്ഥിതി ക്ലിയറൻസ് കിട്ടിയപ്പോൾ തമിഴ്നാട് വളരെ വലിയ അലോസരം പ്രകടിപ്പിച്ചു. ബന്ദുണ്ടായി തമിഴ്നാട്ടിലെ ആളുകൾ അട്ടപ്പാടി മേഖലയിലൊക്കെ വന്ന് പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കാവേരി ട്രിബ്യൂണലിന്റെ അവാർഡ് പ്രകാരമുള്ള 4.67 TMC ജലം എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ശിരുവാണിയിൽ ഒരു വലിയ ഡാമുണ്ട്. ഈ ഡാമിലെ വെള്ളത്തിന് ക്വാളിറ്റിയിൽ ലോകത്തിൽ രണ്ടാം സ്ഥാനമുണ്ട്. അതിൽ നിന്നും ഒരു തുള്ളിപോലും നമുക്ക് കിട്ടുകയില്ല. മുഴുവൻ കോയമ്പത്തൂര് കൊടുക്കണം. സായിപ്പിന്റെ കാലത്തുള്ള കരാറാണ്. നമുക്ക് കിട്ടേണ്ട വെള്ളം വാങ്ങിയെടുക്കാത്ത ഒരുപാട് പ്രശ്നങ്ങളുണ്ട്. ജലം വളരെ അമൂല്യമായിക്കൊണ്ടിരിക്കുകയാണ്. വാട്ടർവാർ വരുമെന്നാണ് പറയുന്നത്. അതുകൊണ്ട് കിട്ടാനുള്ള വെള്ളം വാങ്ങിയെടുക്കാനുള്ള നടപടിയുണ്ടാകണം. ഈ ഡാമിന്റെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണം. ഇന്ന് നമുക്ക് മഴ കിട്ടാത്തതല്ല, പൊതുവെ മഴ കുറവായിരുന്നെങ്കിലും കിട്ടിയ മഴയുടെ 80 ശതമാനവും അറബിക്കടലിലേയ്ക്കാണ് പോകുന്നത്. നമ്മുടെ ജലവിനിയോഗരീതിയിലും

വെള്ളത്തോടുള്ള സമീപനത്തിലും മഴയിൽനിന്നും ലഭിക്കുന്ന വെള്ളം ഉപയോഗപ്പെടുത്തുന്നതിനും ഒരു നയം സ്വീകരിക്കണം. നമുക്ക് 60 ലക്ഷം കിണറുകളുണ്ട്. അതിൽ 25 ലക്ഷം കിണറുകളും ഇന്ന് ഉപയോഗശൂന്യമാണ്. അത് ഉപയോഗപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. മഴവെള്ളം മുകൾത്തട്ടിലെ മണ്ണിലൂടെ കിണറിലേയ്ക്ക് ഊറിയിറങ്ങുന്നതിനുവേണ്ടി സംവിധാനം വീട്ടുമുറ്റത്തുണ്ടാക്കണം. ഇന്റർലോക്കുകളിൽ പോലും ഇടപെടണം. വെള്ളം ഊറി ഇറങ്ങുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇതിനൊക്കെയുള്ള നിയമങ്ങളുണ്ടാകണം. കുളങ്ങൾ സംരക്ഷിക്കുന്നതിന് നിയമങ്ങൾ ശക്തമാക്കണം. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിടങ്ങളുടെ മുറ്റത്ത് വീഴുന്ന മഴവെള്ളം ടാങ്കുകളുണ്ടാക്കി അതിൽ ശേഖരിച്ച് ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് പെർകൊളേഷൻ ടാങ്ക് നിർബന്ധമാക്കണം. ഇതൊക്കെയാണ് ഈ ദുരന്തം കൺമുന്നിൽ എത്തി നിൽക്കുമ്പോൾ നമുക്ക് ചെയ്യാനുള്ള കാര്യങ്ങൾ. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കേരളത്തിൽ വരാൻ പോകുന്ന ദുരന്തത്തിന്റെ ആഘാതവും പ്രയാസവും കേന്ദ്രത്തെ ബോധ്യപ്പെടുത്തുന്നതിന് ഒരു സർവ്വകക്ഷി സംഘം കേന്ദ്രഗവൺമെന്റിനെ സന്ദർശിക്കണം എന്ന നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. ഇത്രയേറെ പ്രയാസങ്ങളുണ്ടായിട്ടും അതിന്റെ ഗൗരവത്തോടുകൂടി

കണ്ടുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുണ്ടാകണം. ഞാൻ എല്ലാ അർത്ഥത്തിലും ഈ പ്രമേയത്തെ പിൻതുണയ്ക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. പി. റ്റി. തോമസ് ഇവിടെ പറഞ്ഞ ഒരു കാര്യത്തോടുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാത്തതല്ല ഈ പ്രശ്നത്തിന്റെ കാരണം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കിയാൽ കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന മലയോരനിവാസികളെല്ലാം അവിടെനിന്നും കുടിയിറങ്ങേണ്ടിവരും. അതുകൊണ്ട് നമ്മളെല്ലാവരും കൂടി തീരുമാനിച്ചതാണ് ഗാഡ്ഗിൽ വേണ്ടായെന്ന്. അതിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ട് കൊണ്ടുവന്നു. അതിലും കഴിഞ്ഞ ഗവൺമെന്റുകളൊക്കെ ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുമായി മുന്നോട്ടുപോകണം. അതും ഇതും തമ്മിൽ ഒരു ബന്ധവുമില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ പ്രമേയത്തെ എല്ലാഅർത്ഥത്തിലും പിൻതുണയ്ക്കുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, ഈ പ്രമേയത്തെ പിൻതുണയ്ക്കുകയാണ്. ഞാൻ പ്രമേയത്തെ പിൻതുണച്ച് സംസാരിക്കുന്നതിനുമുമ്പായി പറയാനുദ്ദേശിച്ച ഒരു കാര്യത്തിന് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ഷംസുദ്ദീൻ തുടക്കം കുറിച്ചിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചുള്ള വിയോജിപ്പ് അദ്ദേഹം

പ്രകടിപ്പിച്ചു; വിവിധ സന്ദർഭങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വിവിധ ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. ആ ചർച്ചകളിലെല്ലാം ശ്രീ. പി. ടി. തോമസിന്റെ അഭിപ്രായവുമായി യോജിക്കുന്ന നിലപാടല്ല മുൻകാലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ പാർട്ടിയും മുന്നണിയിലെ വിവിധ പാർട്ടികളും സ്വീകരിച്ചിട്ടുള്ളത്. അവർക്കിടയിൽ തന്നെ യോജിപ്പില്ലാത്ത ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ ചർച്ചയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ശ്രീ പി .ടി. തോമസിന്റെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ കുറിച്ചുള്ള അഭിപ്രായത്തോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രതികരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അത് പി.ടി. തോമസ്സിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നും കോൺഗ്രസ് പാർട്ടിക്ക് ആ അഭിപ്രായമില്ലായെന്നും ആ സമയത്ത് വളരെ വ്യക്തമായിത്തന്നെ ഞാൻ പറഞ്ഞിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഈ പ്രമേയം ഫൈനാലിറ്റിയിലേക്ക് വരുമ്പോൾ പി. ടി. തോമസിന്റെ നിലപാടും പാർട്ടി എം.എൽ.എ.മാരുടെ നിലപാടും എങ്ങനെയായിരിക്കും?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: പാർട്ടിയുടെ നിലപാട് പാർട്ടി നേരത്തത്തന്നെ

വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ. പി.ടി. തോമസ് അന്നും വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഇപ്പോഴും പറഞ്ഞിട്ടുണ്ട്. അങ്ങേയ്ക്ക് കോൺഗ്രസ്സ് പാർട്ടിയെക്കുറിച്ച് അറിയാമല്ലോ; നമ്മൾ ഒരുമിച്ചുണ്ടായിരുന്നതല്ലേ? കോൺഗ്രസ്സ് പാർട്ടിയിൽ വ്യത്യസ്തമായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്.

ശ്രീ. റ്റി. വി രാജേഷ്: സർ, പ്രതിപക്ഷനേതാവ് പറഞ്ഞു, ശ്രീ. പി.ടി. തോമസിന് വ്യക്തിപരമായ അഭിപ്രായം രേഖപ്പെടുത്താമെന്ന്. പക്ഷേ അക്കാര്യത്തിൽ നിങ്ങളുടെ പാർട്ടി ഒരു തീരുമാനമെടുത്താൽ ആ തീരുമാനം അംഗീകരിക്കാൻ അദ്ദേഹത്തിന് ബാദ്ധ്യതയുണ്ടോ; ഇല്ലയോ?

ശ്രീ. രമേശ് ചെന്നിത്തല: പാർട്ടി തീരുമാനം അദ്ദേഹം അംഗീകരിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നുവെന്നേയുള്ളൂ.

ശ്രീ. എ. എം. ആരിഫ്: സർ, ഇതുപോലെ വളരെ പ്രധാനപ്പെട്ട വിഷയമാണ് ചർച്ചയ്ക്ക് എടുത്തിട്ടുള്ളത്. നമ്മുടെ നാട് ഇന്നുവരെ അഭിമുഖീകരിച്ചിട്ടില്ലാത്തതായ അതീവ ഗുരുതരമായ ഒരു വരൾച്ചയാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. ആ വരൾച്ചയെ മുൻകൂട്ടി കണ്ടുകൊണ്ട് അതിനെ അതിജീവിക്കാനുള്ള തയ്യാറെടുപ്പുകൾ എപ്രകാരം നടത്തണം, അതിന് സംസ്ഥാനസർക്കാർ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത്, കേന്ദ്രസർക്കാരിന്റെ പരമാവധി സഹായം

നേടിയെടുക്കുന്നതിന് പ്രത്യേക പാക്കേജ് അതുപോലെയുള്ള മറ്റ് സംവിധാനങ്ങളെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ഇപ്പോഴേതന്നെ ഹോം വർക്ക് നടത്തി നല്ലൊരു പാക്കേജ് പ്രഖ്യാപിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് പ്രമേയത്തിന്റെ ഉള്ളടക്കം. അക്കാര്യം പറയുമ്പോൾ നമുക്ക് കേന്ദ്രസർക്കാരിന്റെ മുൻകാല അനുഭവങ്ങളെക്കുറിച്ച് പറയണം. നേരത്തേ ഇടതുപക്ഷത്തിന്റെ പിൻതുണയോടുകൂടി മാത്രം കേന്ദ്രം ഭരിക്കാൻ പറ്റുന്ന ഒരു സാഹചര്യം കോൺഗ്രസ്സിന് ഉണ്ടായപ്പോഴാണ് യു.പി.എ. എന്ന സംവിധാനമുണ്ടായത്. യു.പി.എ. ഭരണകാലത്ത് മാത്രമാണ് യഥാർത്ഥത്തിൽ നമുക്ക് പരിഗണന ലഭിച്ചത്. ആ സമയത്ത് നമ്മുടെ പിന്തുണ വേണം. പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള 20 പേരിൽ 18 സീറ്റിൽ എൽ.ഡി.എഫ്. ജയിച്ചു. ഒരാൾ പിന്നീട് നമ്മളോടൊപ്പം ചേർന്നപ്പോൾ 19 പേരും പിന്താങ്ങുന്ന ഒരു സർക്കാർ... കേന്ദ്രത്തിൽ എണ്ണം തികയ്ക്കണമെങ്കിൽ, ഭൂരിപക്ഷമുണ്ടാകണമെങ്കിൽ നമ്മുടെ പിന്തുണ ലഭിച്ചേ പറ്റൂ അവസ്ഥ വന്നപ്പോഴാണ് കേരളമെന്ന് പറയുന്ന ഒരു സംസ്ഥാനത്തെക്കുറിച്ച് പരിഗണിക്കാനും ചിന്തിക്കാനും അവർ തയ്യാറായത്. അക്കാലത്ത് നമുക്ക് കുറച്ച് പരിഗണന ലഭിച്ചു. ബാക്കിയുള്ള സമയങ്ങളിലെല്ലാം നമ്മുടെ അവസ്ഥ വളരെ പരിതാപകരമാണ്. നമുക്കറിയാം, ഇപ്പോഴും

അരിയെച്ചൊല്ലിയുള്ള തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ അലോട്ട്മെന്റ്, ക്വാട്ട വർദ്ധിപ്പിക്കുന്നതിനെച്ചൊല്ലി, നമുക്ക് ന്യായമായി ലഭിക്കേണ്ട അരി വിഹിതത്തെച്ചൊല്ലിയുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. തത്വത്തിൽ എത്രയാണ് ലഭിക്കേണ്ടത് എന്ന് വാദിച്ച് ഒരു പോയിന്റിലേക്ക് എത്തിയിട്ടുണ്ടെന്ന് ശ്രീ. അനൂപ് ജേക്കബ് അടക്കമുള്ള ആളുകൾ വാദിക്കുന്നുണ്ട്. പക്ഷേ അംഗീകരിച്ച് തരുന്നില്ല. ഈ പ്രശ്നം നമ്മൾ ഇപ്പോഴും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അരിയുടെ കാര്യത്തിൽ മാത്രമല്ല മറ്റെല്ലാ കാര്യത്തിലും..... ടൂറിസത്തിന്റെ അലോട്ട്മെന്റ് പുതിയ സർക്കാർ വന്നപ്പോൾ പാടേ വെട്ടിക്കുറച്ചു. അതുപോലെ തന്നെ ഒരുപാട് കാര്യങ്ങളിൽ നമുക്ക് ലഭിക്കേണ്ടതിൽ പലതും ലഭിക്കുന്നില്ല. ഇവിടെ ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം - ഇത് കേട്ടാൽത്തോന്നും കേന്ദ്രത്തിൽ മുമ്പ് കോൺഗ്രസ് ഭരിച്ചുകൊണ്ടിരിക്കുമ്പോൾ വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടാകുമ്പോൾ അവർ എപ്പോഴാണ് വരുന്നത്; വെള്ളപ്പൊക്കം വന്ന് വരൾച്ചയിലെത്തുമ്പോൾ ഒരു സംഘം ഹെലികോപ്റ്ററിൽ പഠിക്കാൻ വരും. പഠിക്കാൻ വന്ന് നോക്കിയിട്ട് പറയും ഇവിടെ വെള്ളപ്പൊക്കമൊന്നുമില്ല, ഒരു കുഴപ്പവുമില്ല എന്നുള്ള നിഗമനത്തിൽ എത്തിപ്പോകും. വരൾച്ച പഠിക്കാൻ വരുന്നത് എപ്പോഴാണ്; വല്ലപ്പോഴും മഴ പെയ്യുന്ന സമയത്ത് അവർ ഹെലികോപ്റ്ററിൽ വന്ന് പഠിച്ചിട്ട് പോകും. ഇങ്ങനെ പഠിക്കാൻ വരുന്ന

സംഘം നമ്മുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് നമുക്ക് എന്തെങ്കിലും തരുന്നുണ്ടോ; ഇങ്ങനെയുള്ള വിവേചനപരമായ നിലപാട് കേരളത്തോട് ഇപ്പോഴല്ല നേരത്തേ മുതൽ സ്വീകരിച്ചുവരികയാണ്. കേന്ദ്രവും കേരളവും ഒരേ രാഷ്ട്രീയ പാർട്ടി ഭരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലും അവസ്ഥ ഇതാണ്. അത് കുറച്ചുകൂടി ഇപ്പോൾ കർക്കശമാക്കി. കാരണം നമ്മളോട് രാഷ്ട്രീയമായി വലിയ വിരോധം വച്ചുപുലർത്തുന്ന ഒരു കേന്ദ്രസർക്കാർ വന്നപ്പോൾ കേരളം ഭരിക്കുന്നത് അവരുടെ ആശയങ്ങളെ നഖശിഖാന്തം എതിക്കുന്ന, അതിന്റെ എല്ലാ തലങ്ങളിലും എതിർക്കുന്ന ഒരു ആശയം വച്ചുപുലർത്തുന്ന ഒരു ഗവൺമെന്റാണ് കേരളത്തിൽ ഭരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് നമ്മളോട് വലിയ വിവേചനം ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. അരിയുടെ കാര്യത്തിൽ, റോഡിന്റെ കാര്യത്തിൽ, ടൂറിസം അലോട്ട്മെന്റിന്റെ കാര്യത്തിലെല്ലാം വിവേചനം കാണിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്ന ഒരു സർക്കാർ അധികാരത്തിൽ ഇരിക്കുമ്പോൾ തീർച്ചയായും നമ്മൾ അതിനുവേണ്ടി വലിയതോതിലുള്ള, ശക്തമായ സമ്മർദ്ദം നടത്തേണ്ടതായിട്ടുണ്ട്. ഇവിടെ നേരത്തേ ശ്രീമതി വീണാ ജോർജ് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. നമ്മുടെ 42 നദികൾ കേന്ദ്ര കാലാവസ്ഥാ വിഭാഗത്തിന്റെ ഡാറ്റാ ശേഖരത്തിൽ നിന്ന്

ഒഴിവാക്കപ്പെട്ടതിനെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചത്. പമ്പ-വൈപ്പാർ ഒറ്റബേസിനായി അടയാളപ്പെടുത്തിയതിനെ സംബന്ധിച്ചുള്ള പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചത്. പമ്പയുടെ വികസനത്തിനുവേണ്ടി ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. അതുപോലും നമുക്ക് അലോട്ട്മെന്റായി വരുന്നില്ല. തീർച്ചയായും ഈ പ്രശ്നം വളരെ ഗൗരവബുദ്ധിയായി കാണേണ്ടത് നമ്മുടെ നാടിന്റെ പ്രധാനപ്പെട്ട ഒരു വിഷയം എന്ന നിലയിലാണ്. പണ്ടൊക്കെ നമ്മുടെ ഋതുഭേദഗങ്ങൾ ഒരു ഇഴപോലും തെറ്റാതെ വരികയും സംക്രമിക്കുകയും മാറിമാറി മറിയുകയും ചെയ്യുന്ന ഒരവസ്ഥയായിരുന്നു. ഇത് കേരളത്തിന്റെ കാർഷിക സംസ്കാരവുമായി കൂട്ടിച്ചേർത്തതാണ്. ഞാറ്റുവേല എന്ന കാലാവസ്ഥാ ശാസ്ത്രം തന്നെ രൂപപ്പെടുത്തി. അതെല്ലാം പോയി. ഇപ്പോൾ ജൂണിൽ മഴ പെയ്യേണ്ടിടത്ത് പെയ്യുന്നില്ല. തുലാമഴ പെയ്യേണ്ട സമയമാണിത്. സാധാരണഗതിയിൽ ഈ സമയത്തൊക്കെ നല്ലവണ്ണം ഇടിവെട്ടി മഴപെയ്യേണ്ടതാണ്. പക്ഷേ മഴ പെയ്യുന്നില്ല. വലിയ തോതിലുള്ള വരൾച്ചയാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. മരുഭൂമികൾ മാത്രമുള്ള സ്ഥലത്ത് എങ്ങനെയാണ് അവിടെയുള്ളവർ ജീവിക്കുന്നത് എന്ന് ചിലപ്പോൾ ചോദിക്കാറുണ്ട്. മരുഭൂമികൾ മാത്രമുള്ള സ്ഥലങ്ങളിലെല്ലാം വെള്ളവിതരണക്കമ്പനികളാണ് യഥാർത്ഥത്തിൽ ഭരിക്കുന്നത്. ലോകം തന്നെ

വെള്ളം കൊടുത്ത് ഭരിക്കുന്നതിൽ വലിയ പങ്ക് പെപ്സിക്കും കൊക്കക്കൊളയ്ക്കുമാണ്. അവർ കുപ്പിവെള്ളമാക്കി വിൽക്കുകയാണ്. നമ്മുടെ നാട്ടിലും അവർ വന്ന് ഭൂഗർഭ ജലം എടുത്ത് കുപ്പിവെള്ളമാക്കി വലിയ തോതിൽ വിൽക്കുകയാണ്. കൊക്കകോള, അക്വാഫിന, പെപ്സിയുടെ കിംഗ്ലെ ഇവരാണ് വിപണി കീഴടക്കിയിരിക്കുന്നത്. നാടിന്റെ ഏത് ആവശ്യം നിറവേറ്റാനും അവർ തയ്യാറാണ്. വരൾച്ചയും കുടിവെള്ളക്ഷാമവും നേരിട്ടാൽ അതിൽ നിന്ന് കോടികളുണ്ടാക്കുന്ന ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഇന്ന് ലോകം ഭരിച്ചുകൊണ്ടിരിക്കുകയാണ്. വലിയ തോതിലുള്ള അവരുടെ ഈ തീവെട്ടിക്കൊള്ള നടത്താൻ ലോകത്തിന് യഥാർത്ഥത്തിൽ വാതായനങ്ങൾ തുറന്നിട്ട് കൊടുക്കുകയാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയുടെ ഓരോ പ്രതിഭാസത്തിൽ നിന്നുപോലും ലാഭം കൊയ്യാൻ വൻകിട കമ്പനിക്കാർ അവസരം പാർത്തിരിക്കുന്ന ഒരു സാഹചര്യം കൂടിയുണ്ട്. പക്ഷേ അതൊന്നും കൊണ്ട് നമ്മുടെ ഈ പാവങ്ങൾക്ക് ഇത്തരത്തിലുള്ള അക്വാഫിനയോ കിംഗ്ലെയോ മറ്റേതെങ്കിലും കുപ്പിവെള്ളമോ കുടിവെള്ളമോകൊണ്ട് അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ പറ്റില്ല. വെള്ളമില്ലാതിരുന്നാൽ ഉണ്ടാകാൻ പോകുന്ന ആഘാതം വളരെ വലിയതായിരിക്കും. ഓക്സിജനുവേണ്ടിപ്പോലും വലിയ യുദ്ധം നടക്കാൻ പോകുകയാണ്. ഓക്സിജൻ സിലിണ്ടറിലാക്കി തൂക്കി തോളിലിട്ട്

നടക്കേണ്ട സ്ഥിതിവിശേഷം ഭാവിയിൽ വരാൻ പോകുകയാണ്. അത്രത്തോളം പ്രകൃതിയുടെ സന്തുലിതാവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലും അതീവ ഗുരുതരമായ വെല്ലുവിളികളാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. ഇതിനെയെല്ലാം നേരിടണമെന്നുണ്ടെങ്കിൽ നമുക്ക് നമ്മുടെ തലത്തിൽ നിന്ന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ആദ്യം ഐഡന്റിഫൈ ചെയ്യണം. ഏതൊക്ക തരത്തിലാണ് നമ്മുടെ സ്രോതസ്സുകളെ സംരക്ഷിക്കാൻ പറ്റുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ സോയിൽ കൺസർവേഷനും വാട്ടർ റിസോഴ്സും കൂടിയാലോചിക്കണം. നമ്മുടെ ജലസംഭരണികളെല്ലാം വറ്റിവരണ്ടു. മുല്ലപ്പെരിയാറിനെക്കുറിച്ചോ മറ്റ് ഡാമുകളെക്കുറിച്ചോ ഭയപ്പെടേണ്ട കാര്യമില്ലാത്ത അവസ്ഥയിലേക്ക് നമ്മൾ വന്നിരിക്കുകയാണ്. കാരണം അവിടെ നിറയുന്ന പ്രശ്നം ഇപ്പോൾ വരുന്നില്ല. ഡാം നിറയുമ്പോഴാണ് പൊട്ടാനുള്ള സാദ്ധ്യത കൂടുതൽ. നിറയാനുള്ള സാദ്ധ്യതപോലുമില്ലാത്ത രീതിയിലേക്കാണ് കാര്യങ്ങൾ മാറുന്നത്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവബുദ്ധിയായി കണ്ടുകൊണ്ട് കേന്ദ്രസർക്കാരിനെ അറിയിക്കണം. ഈ പ്രശ്നം നമ്മൾ സെൻട്രൽ ഗവൺമെന്റ് സാധാരണഗതിയിൽ ചെയ്യുന്നതുപോലെ, വരൾച്ചയെല്ലാം തീർന്ന് മനുഷ്യൻ ആകെ ഒരവസ്ഥയിൽ കിടക്കുന്ന സമയത്ത്, അനവസരത്തിൽ പഠിക്കാൻ വരുന്ന ആ പ്രവണതകളൊക്കെ

കണ്ടുകൊണ്ട് നമുക്ക് അതിന് പരിഹാരം കാണാൻ കഴിയത്തക്ക നിലയിൽ ഒരു പാക്കേജ് സമർപ്പിക്കാൻ കഴിയണം. ആ പാക്കേജ് നേടിയെടുക്കാൻ വേണ്ടിയുള്ള എല്ലാ സമ്മർദ്ദതന്ത്രങ്ങളും നടത്തണം. നമ്മുടെ ബഹുമാനപ്പെട്ട എം.പി.മാർ ഇക്കാര്യത്തിൽ കുറച്ചുകൂടി ഗൗരവമായി ഇടപെടേണ്ടതായിട്ടുണ്ട്. നമ്മുടെ അംഗങ്ങളെ അതിനുവേണ്ടി സജ്ജമാക്കേണ്ടതായിട്ടുണ്ട്. പാർലമെന്റംഗങ്ങളെ നമ്മുടെ ഈ അവസ്ഥാവിശേഷത്തെ സംബന്ധിച്ച് ബോദ്ധ്യപ്പെടുത്തി അവിടെ സമരവും സമ്മർദ്ദവും കൂട്ടായി നടത്താൻ കഴിയത്തക്ക രൂപത്തിലുള്ള ശക്തമായ ഇടപെടൽ കൂടി നടത്തണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് സംസാരിക്കാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി സംസാരിക്കും. ആദ്യം അദ്ദേഹം സംസാരിക്കട്ടെ. സമയക്കുറവുണ്ടെങ്കിൽ അടുത്തയാഴ്ചത്തേക്ക് മാറ്റിവയ്ക്കാം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ച നേരിടാൻ പോകുന്നുവെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്.

കാരണം കാലവർഷം നമുക്ക് വേണ്ടത്ര ലഭിച്ചിട്ടില്ല. പൊതുവെ 34 ശതമാനം മഴയുടെ കുറവ് കേരളത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കാലവർഷത്തിനുശേഷമുള്ള തുലാവർഷം ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടതിന്റെ 60 ശതമാനം കുറവായിട്ടാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നതായി വിദഗ്ദ്ധരുടെ കണക്കുകൾ ഗവൺമെന്റിൽ ലഭ്യമായിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. അതിനുശേഷം സാധാരണഗതിയിൽ കേന്ദ്രകൃഷിമന്ത്രാലയവും കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയും നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരമാണ് സംസ്ഥാനത്തെ വരൾച്ചാ സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി രണ്ട് യോഗങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ആ യോഗങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി സംസ്ഥാന ദുരിതാശ്വാസ കമ്മീഷനാണ് വരൾച്ചാ സംസ്ഥാനമായി പ്രഖ്യാപിക്കേണ്ടത്. അതുസംബന്ധിച്ചുള്ള രണ്ട് മീറ്റിംഗ് കൂടുകയും ഓരോ ജില്ലയിലും ഈ സമയം വരെ ഉണ്ടായിരിക്കുന്ന മാനദപ്രകാരം വരൾച്ചയുടെ തോത് പല മാനദങ്ങൾക്കനുസരിച്ച് പരിശോധിക്കുകയുണ്ടായി. ആ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ

നിരവധിയായിട്ടുള്ള പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് സംസ്ഥാനഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. എന്നുമാത്രമല്ല, ഇന്ന് വീണ്ടും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മീറ്റിംഗ് കൂടി അതുസംബന്ധിച്ച് ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി പരിപാടി തയ്യാറാക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഈ തിങ്കളാഴ്ച റൂൾ 300 അനുസരിച്ച് ഇതുസംബന്ധിച്ചുള്ള ഗവൺമെന്റ് തീരുമാനം നിയമസഭയിൽ അറിയിക്കും എന്നാണ് ഇതിനെപ്പറ്റി പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രമേയം തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

ഓർഡർ..... ഓർഡർ..., സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)